


ഭരണഘടനാ ദിനാചരണ സെമിനാർ ഗവ. പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായ പി. അനിൽ ഉദ്ഘാടനം ചെയ്യുന്നു.

# ഭരണഘടനാദിനം ആചരിച്ചു

പാലക്കാട് ● ഭരണഘടനയിൽ പൗരന്മാർക്ക് ഉറപ്പു നൽകുന്ന അവകാശങ്ങൾ സംരക്ഷിക്കാനും ഭരണഘടനയ്ക്കെതിരെയുള്ള വെല്ലുവിളികൾ നേരിടാനും എല്ലാവരും ജാഗ്രത പുലർത്തണമെന്നു ദേശീയ ഭരണഘടനാദിനത്തിൽ വിശ്വാസ് സംഘടിപ്പിച്ച സെമിനാർ ആഹ്വാനം ചെയ്തു.

ഗവ. ജില്ലാ പ്ലീഡറും പബ്ലിക് പ്രോസിക്യൂട്ടറുമായ പി. .അനിൽ ഉദ്ഘാടനം ചെയ്തു. വെല്ലുവിളികളെ കുറിച്ചു വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാമെങ്കിലും പൗരന്മാരുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ഒരുമിച്ച് പ്രവർത്തിക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു.

വിശ്വാസ് വൈസ് പ്രസിഡന്റ് അഡ്വ. എസ്. ശാന്താദേവിയുടെ അധ്യക്ഷതയിൽ നടന്ന സെമിനാറിൽ അഡ്വ കെ .വിജയ പ്രഭാഷണം നടത്തി. ബി ജയരാജൻ, അഡ്വ. എൻ. രാഖി, ദീപ ജയപ്രകാശ് പി. ദേവദാസ്, കെ. രാമചന്ദ്രൻ, അഡ്വ. അജയ് കൃഷ്ണ, ആർ.ലേഖ വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് അഡ്വ. എം. മനോജ് എന്നിവർ പ്രസംഗിച്ചു.